# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2350

### 08-03-2017 ൽ മറുപടിക്ക്

**കിഫ്ബി മുഖേന അനുവദിച്ച പദ്ധതികൾ**

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇതുവരെ കിഫ്ബി മുഖേന ഫണ്ട് കണ്ടെത്തി അംഗീകരിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ച പദ്ധതികൾ എത്ര ? ഇതിന് വേണ്ടി അനുവദിച്ച തുക എത്ര ? പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ? | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതികളുടെ നടപ്പാക്കലിന് മുന്നോടിയായി വിശദമായ പ്രോജക്റ്റ് അവലോകനം, കോസ്റ്റ് ബെനഫിറ്റ് അനാലിസിസ് എന്നിവ നടത്തിയശേഷം പദ്ധതിക്ക് ആവശ്യമായ യഥാർത്ഥ തുക കണ്ടെത്തുകയും അതിനുശേഷം ധനസമാഹരണം നടത്തുകയുമാണ് ലക്ഷ്യം. കിഫ്ബിയിലൂടെ ധനസമാഹരണം വായ്പ, കടപ്പത്രം പുറപ്പെടുവിക്കൽ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയായതിനാൽ അധിക തുക സമാഹരിക്കുന്നത് പലിശയിനത്തിൽ തിരിച്ചടവ് വരുത്തും. ആയതിനാൽ പദ്ധതി നടത്തിപ്പിനാവശ്യമായ തുക തീരുമാനിച്ചതിനുശേഷം മാത്രമേ ഫണ്ട് സ്വരൂപിക്കാനുള്ള ശ്രമം ആരംഭിക്കുകയുള്ളൂ. കിഫ്ബിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നുള്ള സഹായം ലഭിക്കുമെന്നതിനാൽ |

| | |
|---|---|
| | ആദ്യപാദത്തിൽ (07-11-2016 ൽ കൂടിയ 27-ാമത് ബോർഡ് യോഗം) അംഗീകരിക്കപ്പെട്ട പദ്ധതികൾക്ക് താമസംവിനാ ധനസഹായം നൽകാൻ സാധിക്കുന്നതാണ്. ബോർഡ് അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി പ്രവൃത്തികൾ ടെൻഡർ ചെയ്യുകയും തുടർന്ന് കോൺട്രാക്ട് ഒപ്പിടുന്നതോടൊപ്പം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട Work Breakdown Structure (WBS) ഓൺ ലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുമുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള ഡയറക്ട് ബെനിഫിറ്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സമാന്തരമായി പുരോഗമിച്ച് അന്തിമ ഘട്ടത്തിലാണ്. ഈ സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി നിർവ്വഹണ ഏജൻസികൾ നിർവ്വഹണ പ്രക്രിയ ആരംഭിച്ച് കോൺട്രാക്ടർ, സപ്ലയർ, സേവന ദാതാവ് എന്നിവരുടെ ബില്ലുകൾ പ്രകാരം പേയ്മെന്റ് നിർദ്ദേശിക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകിത്തുടങ്ങുന്നതാണ്. 08.08.2016 ലെ സ.ഉ. (കൈ) 315/2016/ധന ഉത്തരവ് പ്രകാരം യോഗ്യമായതും കിഫ് ബോർഡിന്റെ 27 ാമത് ബോർഡ് യോഗം (പുന:സംഘടിപ്പിച്ച കിഫ് ബോർഡിന്റെ ആദ്യ ബോർഡ് യോഗം) 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| (ബി) ഇങ്ങനെ അനുവദിച്ചതിൽ എത്ര പ്രവർത്തികൾക്കാണു ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത് ? ആകെ ടെണ്ടർ തുക എത്രയാണ് ? ഈ പ്രവർത്തികൾ സംബന്ധിച്ച് വിശദാംശം നൽകാമോ ? | സംസ്ഥാനത്തെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനത്തിന് ധനസമാഹരണം നടത്തുന്നതിനുള്ള ഒരു കേന്ദ്രീകൃത ഏജൻസിയായാണ് കിഫ്ബി പ്രവർത്തിക്കുന്നത്. 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. ഇതു സംബന്ധിച്ച മാർഗ രേഖ 08.08.2016 ലെ സ.ഉ.(കൈ) നം. 315/16/ധന പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കിഫ്ബി മുഖേന നടപ്പിലാക്കേണ്ട പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ അതാതു പദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളാണ്(SPV) സ്വീകരിക്കേണ്ടത്. ഈ നടപടി പൂർത്തിയായി വരുന്നു. |

**സെക്ഷൻ ഓഫീസർ**